# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*124** — **11.08. 2017 ൽ മറുപടിയ്ക്ക്**

## പച്ചക്കറി ഉത്പാദന വളർച്ച

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | **ശ്രീ. വി.എസ്. സുനിൽ കമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് മുൻവർഷത്തെ അപേക്ഷിച്ച് നടപ്പുവർഷം പച്ചക്കറി ഉത്പാദനരംഗത്ത് എത്രത്തോളം വളർച്ച കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) 2016-17 ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>2017-18 നടപ്പ് വർഷം ഒന്നാംവിള പച്ചക്കറികൃഷിയുടെ വിളവെടുപ്പ് ആരംഭിച്ചിട്ടേ ഉള്ളൂ. അതനുസരിച്ച് 22193.36 ഹെക്ടർ സ്ഥലത്ത് നിന്നും ഏകദേശം 58871.13 ടണ്ണോളം പച്ചക്കറിയാണ് ഉല്പാദിപ്പിച്ചിട്ടുള്ളത്. നടപ്പ് സീസണിലെ ഉല്പാദനം പൂർത്തിയാകുകയും, നടപ്പ് വർഷത്തെ 2 സീസണുകളിൽ കൂടിയുള്ള ഉല്പാദനവും കണക്കിലെടുക്കുമ്പോൾ കൃഷിയുടെ മൊത്തം വിസ്തീർണ്ണത്തിലും ആകെ ഉല്പാദനത്തിലും കാര്യമായ പുരോഗതി പ്രതീക്ഷിക്കുന്നുണ്ട്. |
| ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഫലപ്രദമായ സംഭരണ സംവിധാനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; | ബി) സ്വീകരിക്കുന്നതാണ്. |
| സി) പച്ചക്കറി ഉത്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിയ്ക്കാൻ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | സി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2017-18-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.<br>1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം |

2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ.
5. ജില്ലാ ക്ലസ്റ്റർ വികസനം.
6. സാങ്കേതിക സഹായവും കരാർ നിയമനവും
7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
8. നഴ്സറികൾ സ്ഥാപിക്കൽ
9. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും.
10. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം
11. പച്ചക്കറി കൃഷിയ്ക്ക് വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം
12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
13. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം
14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
16. 'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്' പദ്ധതി വഴി സഹായം
17. അവാർഡ് വിതരണം
18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
19. മഴമറ നിർമ്മാണം
20. പദ്ധതിയുടെ ബാഹ്യ നിരീക്ഷണം
21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ
22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം.
23. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾ.

ഇതു കൂടാതെപച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം നല്ല കൃഷി മുറകൾ (GAP) അവലംബിച്ചുകൊണ്ടുള്ള പച്ചക്കറി കൃഷി വ്യാപനം, ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം, തിരിനന (വിക്ക് ഇറിഗേഷൻ) ജലസേചന സംവിധാനത്തോട്ടുകൂടിയുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

Mayal

**സെക്ഷൻ ഓഫീസർ**